# ജാഗ്രത!!
# സ്ത്രീകൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ...?

പ്രൊഫ. ഏഴംകുളം സാംകുട്ടി

**ഏതാനും** വർഷങ്ങൾ മുമ്പ് ഞാൻ അമേരിക്കയിൽ ഒരു ഉണർവ്വുയോഗത്തിൽ സംബന്ധിക്കുകയായിരുന്നു. സഭാംഗങ്ങളിൽ ഏറിയ പങ്കും വെള്ളക്കാർ. ഇടയ്ക്ക് നാലഞ്ച് ആഫ്റിക്കൻ വംശജർ. അതിഥി പ്രഭാഷകനും വെള്ളക്കാരൻ ആയിരുന്നു. അദ്ദേഹത്തിന്റെ തീപ്പൊരി പ്രസംഗത്തിനുശേഷം ആൾട്ടർ കാൾ. പത്തുപതിനഞ്ചു പേർ പ്രാർത്ഥനയ്ക്കായി മുന്നോട്ടുവന്നു.

മുന്നോട്ടു വന്നവരുടെ കൂട്ടത്തിൽ ആഫ്റിക്കൻ വംശജനായ ഒരു മധ്യവയസ്ക്കൻ. നാലഞ്ച് സായിപ്പന്മാർ. ഏഴെട്ട് മദാമ്മമാർ. അക്കൂട്ടത്തിൽ അതിസുന്ദരിയായ ഒരു മഹിളയും ഉണ്ടായിരുന്നു - പത്തുമുപ്പതു വയസ് തോന്നിക്കും.

സ്ത്രീകൾക്കുവേണ്ടിയാണ് അതിഥിപ്രഭാഷകൻ ആദ്യം പ്രാർത്ഥിച്ചുതുടങ്ങിയത്. സുന്ദരിയായ മദാമ്മയുടെ സമീപത്തെത്തിയപ്പോൾ പെട്ടെന്ന് അദ്ദേഹം നിന്നു. സാധാരണയിലേറെ ഉത്സാഹത്തോടെ, പതിവിലേറെ സമയം വിനിയോഗിച്ച്, ആ തരുണിയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. അതിനു ശേഷം വലത്തോട്ടുനീങ്ങി അതിവേഗത്തിൽ പുരുഷന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു തീർത്തു.

വീണ്ടും സ്ത്രീകൾ നില്ക്കുന്ന ഭാഗത്തേക്ക് അദ്ദേഹം മടങ്ങി വന്നു. പിന്നീട് പത്തുപതിനഞ്ചുമിനിട്ടുകൾ സ്ത്രീകൾക്കുവേണ്ടി മാത്രമാണ് പ്രാർത്ഥിച്ചത്. അതിൽ കൂടുതൽ സമയവും ആ സുന്ദരിക്കുവേണ്ടിയാണ് ആവർത്തിച്ചു പ്രാർത്ഥിച്ചത്. ആ തരുണിയുടെ ആത്മാവിന് മറ്റുള്ള എല്ലാവരുടെയും ആത്മാവിനേക്കാൾ കൂടുതൽ വിലയുണ്ടെന്ന് "ആ ദൈവദാസൻ" (?) വിശ്വസിക്കുന്നതുപോലെ എനിക്കു തോന്നി.

സത്യം പറയട്ടെ, മുമ്പിൽ നിന്ന കറുത്തവർഗക്കാരനുവേണ്ടി ഒരുവട്ടംപോലും അദ്ദേഹം പ്രാർത്ഥിച്ചില്ല.

ഇക്കാര്യം എന്നെ അങ്ങേയറ്റം നിരാശനാക്കി. ആൾട്ടറിൽവച്ച് ഒരു കറുത്തവർഗക്കാരൻ ഇത്രമാത്രം അവഗണിക്കപ്പെടുന്നത് മുമ്പെങ്ങും കണ്ടിട്ടില്ല. ഞാൻ പ്രസ്തുത ആഫ്റിക്കന്റെ പിന്നിൽ ചെന്നു നിന്നു. എന്റെ രണ്ടുകൈകളും അദ്ദേഹത്തിന്റെ തോളിൽ വച്ച് ആ മനുഷ്യന്റെ പ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടി പ്രാർത്ഥിച്ച തോർമിക്കുന്നു.

അന്ന് എന്നിൽ ഒരാഗ്രഹം മുളച്ചു. ഇവാൻജലിസ്റ്റുകളുടെയും പാസ്റ്റർമാരുടെയും പ്രവാചകന്മാരുടെയും പ്രാർത്ഥനാരീതികളെപ്പറ്റി പഠിക്കണം. അന്നു മുതല്ക്കുള്ള നിരീക്ഷണങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങൾ കടലാസിൽ കുറിച്ചിട്ടുകൊണ്ടിരുന്നു. എന്റെ പഠനം തുടരുന്നതേയുള്ളു.

എങ്കിൽ തന്നെ, ഇതിനകം ഞാൻ ഒരു കാര്യം മനസ്സിലാക്കിക്കഴിഞ്ഞു. അമേരിക്കയിൽ പുരുഷന്മാരായ സഭാശുശ്രൂഷകർ പ്രാർത്ഥിക്കുമ്പോൾ പലരും സ്ത്രീകൾക്കുവേണ്ടി പ്രാർത്ഥിക്കാനാണ് കൂടുതൽ സമയം ചെലവിടുന്നത്. മുമ്പിൽ നില്ക്കുന്ന തരുണി സുന്ദരികൂടി ആണെങ്കിൽ മിക്കപ്പോഴും പ്രാർത്ഥനാസമയം പലമടങ്ങ് വർദ്ധിക്കാറുമുണ്ട്.

കേരളത്തിലെ സ്ഥിതിയോ? ഗവേഷണ പഠനം പൂർത്തിയായിട്ടില്ല. രണ്ടുമൂന്നു വർഷങ്ങളായി കേരളത്തിലെ കൺവൻഷൻ പന്തലുകളിലെ കാഴ്ചകൾ വീഡിയോ വഴിയും ലൈവ്-സ്ട്രീമിംഗ് വഴിയും ഞാൻ നിരീക്ഷിച്ചുകൊണ്ടിരിക്കയാണ്. ഇതുവരെയുള്ള നിരീക്ഷണങ്ങൾ തെളിയിക്കുന്നത് കേരളത്തിലെ സ്ഥിതിയും അമേരിക്കയിലെ രീതികളിൽ നിന്നും അധികം വ്യത്യസ്തമല്ലെന്നാണ്.

പൊതുവെ പറഞ്ഞാൽ, കേരളത്തിലെ ചില കൺവൻഷൻ പന്തലുകളിൽ പാസ്റ്റർമാരും സുവിശേഷകന്മാരും പ്രവാചകന്മാരും സ്ത്രീകൾക്കുവേണ്ടിയാണ് കൂടുതൽ പ്രാവശ്യം, കൂടുതൽ സമയം പ്രാർത്ഥിക്കുന്നത്. ശുശ്രൂഷകന്മാർ ചില പന്തലുകളിൽ സ്ത്രീകൾ നില്ക്കുന്ന സ്ഥാനങ്ങളെ ചുറ്റിപ്പറ്റി നിന്നാണ് ഉണർവ്വിനെ നയിക്കുന്നത്. പേരുനുവേണ്ടി പുരുഷന്മാർ നില്ക്കുന്ന സ്ഥാനങ്ങളിൽ വല്ലപ്പോഴും അല്പ സമയത്തേക്കു മാത്രം ചെന്നു നിന്നെന്നിരിക്കും. വേഗം കൂട്ടി പ്രാർത്ഥിച്ച ശേഷം പെട്ടെന്നു സ്ഥാനം മാറി സ്ത്രീകളുടെ വശത്തേക്ക് വീണ്ടും നീങ്ങുകയും ചെയ്യും. സ്ത്രീകളെ സമീപിക്കുമ്പോഴോ? വേഗം കുറയും, തലയിൽ കൈവയ്ക്കും, തല പിടിച്ചുകുലുക്കും. വളരെ ഉത്സാഹത്തോടു കൂടിയ പ്രാർത്ഥന.

പലരും പുരുഷന്മാരെയും ആൺകുട്ടികളെയും നിശേഷം അവഗണിക്കുന്നു. എന്നാൽ കൊച്ചുപെൺകുട്ടികൾക്കുവേണ്ടിയും യുവതികൾക്കുവേണ്ടിയും മധ്യവയസ്ക്കരായ സ്ത്രീകൾക്കുവേണ്ടിയും ജാഗ്രതയോടെ പ്രാർത്ഥിക്കുന്നു. പ്രായമുള്ള മാതാക്കൾ പലപ്പോഴും അവഗണിക്കപ്പെടുന്നു.

ചിലർ ഇടയ്ക്കിടെ സ്ത്രീകളുടെയിടെയിൽ ഞെങ്ങി ഞെരുങ്ങി കയറിനടന്ന് പ്രാർത്ഥിക്കുന്നതു കാണാറുണ്ട്. പക്ഷേ, പുരുഷന്മാരുടെ നിരകളിലേക്ക് ബദ്ധപ്പെട്ടു ചെല്ലാൻ ഇവർ ശ്രമിക്കാറുണ്ടോ? വളരെ വിരളമായി മാത്രം.

കേരളത്തിലെ ഒരു കൺവൻഷൻ വീഡിയോയിൽ കണ്ട കാര്യം പറയട്ടെ. പത്തു നാല്പത്തഞ്ചു വയസ്സു തോന്നിക്കുന്ന ഒരു ദൈവദാസൻ ഒരു സ്ത്രീയുടെ തലയിൽ തൊട്ടുപ്രാർത്ഥിക്കുന്നവഴി തള്ളവിരലുകൊണ്ടും ചൂണ്ടുവിരൽകൊണ്ടും അവരുടെ തലയിൽ അല്പനേരം കുത്തുകയും പ്രഷർ നൽകുകയും ചെയ്യുന്നു. അമേരിക്കയിൽ ഇതിനെ finger - massaging (വിരലുകൊണ്ടുള്ള തിരുമ്മൽ) എന്നാണു പറയുക. അമേരിക്കയിലെ കോളജ് കാമ്പസുകളിൽ കുമാരി കുമാരന്മാർ പരസ്യമായി ഇത്തരത്തിൽ വിരൽ തിരുമ്മൽ നടത്തുന്നത് ഞാൻ കണ്ടിട്ടുണ്ട്. സഭ്യതയുള്ള സംസ്ക്കാരങ്ങളിൽ ഇത്തരം തലോടലുകൾ ഭാര്യാഭർത്താക്കന്മാർക്കുമാത്രമേ സ്വകാര്യമായ സാഹചര്യങ്ങളിൽ അനുവദിച്ചിട്ടുള്ളു.

കൺവൻഷൻ പന്തലിൽ നടക്കുന്ന ഇത്തരം പെരുമാറ്റങ്ങൾക്ക് ദുർവ്യാഖ്യാനങ്ങൾ നൽകാൻ പാടില്ലല്ലോ. മറ്റുള്ളവരുടെ വിടുതലിനുവേണ്ടി ആത്മാർത്ഥഹൃദയത്തോടെ പ്രാർത്ഥിക്കാൻ സന്മനസുകാണിക്കുന്ന സുവിശേഷകന്മാരെ കുറ്റംവിധിക്കാനും പാടില്ല. ആത്മീയ ഗുരുക്കന്മാരിൽ നിന്ന് വേണ്ടത്ര നിർദ്ദേശങ്ങൾ ലഭിക്കാത്തതുമൂലം മന:പൂർവ്വമല്ലാതെ സംഭവിച്ചുപോകുന്നതാണിവയെല്ലാം എന്നു തോന്നുന്നു. അല്ലെങ്കിൽ, ആത്മാർത്ഥ

മായി പ്രാർത്ഥനയിൽ ലയിക്കുമ്പോൾ വിരലുകളെ സൈ്വരവിഹാരം നടത്താൻ അനുവദിക്കുമ്പോഴും ഇങ്ങനെ സംഭവിക്കാം. ഏതായാലും ഒരു സ്വയപരിശോധന നടത്തിയ ശേഷം കൊള്ളേണ്ടതു കൊള്ളുകയും തള്ളേണ്ടതു തള്ളുകയും ചെയ്യാം.

യേശുക്രിസ്തു സ്ത്രീപുരുഷഭേദമില്ലാതെ ജനങ്ങൾക്കുവേണ്ടി കൈതൊട്ടുപ്രാർത്ഥിച്ചിരുന്നു. അപ്പൊസ്തൊലന്മാരും ആത്മനിയോഗത്തോടെ കൈവെച്ചു പ്രാർത്ഥിച്ചിരുന്നു. രോഗികളായ സ്ത്രീപുരുഷന്മാരെ കൈപിടിച്ച് എഴുന്നേല്പിച്ചിരുന്നു. നേരെചൊവ്വെ ജീവിക്കുന്ന ദൈവദാസന്മാരുടെ കരങ്ങളിലൂടെ ദൈവാത്മാവിന്റെ അഭിഷേകം വ്യാപരിക്കും – സത്യം.

എന്നാൽ പുരുഷന്മാരെയും ആൺകുട്ടികളെയും അവഗണിച്ചുകൊണ്ട്, സ്ത്രീകളെയും യുവതികളെയും മാത്രം ചുറ്റിപ്പറ്റി നിന്നുകൊണ്ടുള്ള ആൾട്ടർ ശുശ്രൂഷ ദൈവവചനത്തിനു ചേർന്ന പെരുമാറ്റശൈലി അല്ല. ആത്മ നിയന്ത്രണത്തിന്റെയും ഇന്ദ്രിയജയത്തിന്റെയും കാര്യം മറക്കാൻ പാടില്ലല്ലോ.

ശരീരശാസ്ത്രപരമായി ചിന്തിക്കുമ്പോൾ പുരുഷന്മാർക്ക് സ്ത്രീകളുടെ വേദനകളോട് കൂടുതൽ അനുകമ്പ തോന്നുക സ്വാഭാവികമാണ്. ഈ അനുകമ്പയാണ് അവരുടെ പ്രശ്നങ്ങളോട് താദാത്മ്യം പ്രാപിച്ച് അവർക്കുവേണ്ടി കൂടുതൽ പ്രാർത്ഥിക്കുവാൻ ഒരു സുവിശേഷകനെ പ്രേരിപ്പിക്കുന്നത്. എന്നാൽ പൊതുവേദികളിൽ വളരെ പരിജ്ഞാനത്തോടെ പുരുഷന്മാർ പെരുമാറിയേ പറ്റൂ. കൺവൻഷൻ പന്തലുകളിൽ പ്രാർത്ഥിക്കുവാൻവേണ്ടി വിനിയോഗിക്കുന്ന സമയം പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യമായി വീതിച്ചുകൊടുക്കുവാൻ മന:പൂർവ്വമായി ഒരു ശ്രമം നടത്തേണ്ടിയിരിക്കുന്നു.

ദൈവത്തിന്റെ ആത്മാവ് സുബോധത്തിന്റെ ആത്മാവാണ്. സ്വാഭാവികമായ പ്രലോഭനങ്ങളെ മറികടന്നു പെരുമാറുവാൻ ബുദ്ധ്യുപദേശം നൽകുന്ന ആത്മാവ്.

കഴിഞ്ഞയിടെ ഒരു വീഡിയോക്ലിപ് കണ്ടതോർമിക്കുന്നു. ന്യൂജനറേഷൻ സഭയിലെ ഒരു സുവിശേഷകൻ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന രംഗം. ഒരു സ്ത്രീയെ അദ്ദേഹം മുന്നോട്ടുവിളിച്ച് പ്രാർത്ഥിക്കുന്നു. പലവട്ടം ആ സ്ത്രീയുടെ രണ്ടു കൈകളും ആഞ്ഞ് പിടിച്ചുപൊക്കുന്നു. കൈകൾ പിടിച്ചുനീട്ടി തോളിന്റെ വേദന ദൂരീകരിക്കാനുള്ള ശ്രമത്തിലാണദ്ദേഹം. രണ്ടു കൈകളും ക്രമാതീതമായി ഉയർന്നപ്പോൾ സാരിതുമ്പുകൾ കിടക്കേണ്ട സ്ഥാനത്തുനിന്നു വഴുതിമാറി. ബ്ലൗസും മറ്റ് പ്രൈവറ്റ് ഭാഗങ്ങളും പ്രത്യക്ഷമായിതുടങ്ങി. നെഞ്ചുമുതൽ അടിവയർ വരെ തുറന്നുകിടക്കുന്ന പോസിൽ ആ മഹിളയെ നിർത്തിക്കൊണ്ടാണ് അദ്ദേഹം രോഗശാന്തിക്കസർത്ത് നടത്തിയത്. ഇത് ഒരുതരം സ്ത്രീപീഡനമായി എനിക്കു തോന്നി. അന്യരുടെ മുമ്പിൽ വിശ്വാസികൾ പരിഹാസ്യവിഷയമാകാൻ വഴിയുണ്ടാക്കുന്ന പെരുമാറ്റങ്ങൾ! സത്യാന്വേഷികൾ മാനസാന്തരത്തിലേക്കു വരാൻ തടസം സൃഷ്ടിക്കുന്ന പ്രഹസനങ്ങൾ!

പന്തലുകളിൽ പുരുഷന്മാർ ഇരിക്കുന്ന വശത്തിനും സ്ത്രീകൾ ഇരിക്കുന്ന വശത്തിനും മധ്യത്തിൽ നീണ്ടു കിടക്കുന്ന ഇടനാഴികൾ ഉണ്ടല്ലോ. സുവിശേഷകന്മാർ ഇത്തരം നടപ്പാതകളിലൂടെ ഒരറ്റംമുതൽ മറ്റേ അറ്റം വരെ നടന്ന് ഇടത്തും വലത്തും നില്ക്കുന്നവർക്കുവേണ്ടി തൊട്ടുപ്രാർത്ഥിച്ചു നീങ്ങാറുണ്ട്. ചില ദൈവദാസന്മാരുടെ കരങ്ങൾ സ്ത്രീകളുടെ മാത്രം തലയിലേക്കാണ് നീളുന്നത്. മറുവശത്തു നില്ക്കുന്ന പുരുഷന്മാർക്ക് ഇവരുടെ കരസ്പർശകടാക്ഷം ലഭിക്കുന്നില്ല.

കൺവൻഷൻ രംഗങ്ങൾ ഷൂട്ടു ചെയ്യുന്ന വീഡിയോഗ്രഫർമാരും സ്ത്രീകളെ ആവശ്യത്തിലധികം ഫോക്കസ് ചെയ്യുന്നു എന്നൊരു പരാതി എനിക്കുണ്ട്. പുരുഷന്മാർ ഇരിക്കുന്ന ഭാഗത്തേക്ക് ക്യാമറ വേണ്ടവിധം ചലിക്കാറില്ല. പുരുഷന്മാർ ആരാധിക്കുന്നതു കാണാൻ ആർക്കും താല്പര്യമില്ലെന്നുണ്ടോ?

ഉണർവ്വുയോഗങ്ങളിൽ താരതമ്യേന കൂടുതൽ ചലിക്കുകയും കരയുകയും സ്തോത്രാർച്ചനകൾ നടത്തുകയും ചെയ്യുന്നത് സ്ത്രീകളാണ്. ദൈവസൃഷ്ടിയുടെ വൈവിധ്യത്തിന്റെ ഭാഗമാണിത്. എല്ലാറ്റിനോടും വൈകാരികമായി ഏറ്റവും മനസ്സലിവോടെ പ്രതികരിക്കുന്നതു സ്ത്രീകളാണ്. പല കുടുംബങ്ങളിലും ആത്മീയമായ പുത്തൻ കാൽവയ്പുകൾക്ക് ആദ്യം തയ്യാറാവുന്നത് സ്ത്രീകളാണ്.

ചലനാത്മകമായ അന്തരീക്ഷത്തിലേക്ക്, ചുറ്റുപാടുകളിലേക്ക് ക്യാമറാ ഫോക്കസ് ചെയ്യുന്നത് സ്വാഭാവികമാണ്. അതിൽ കുഴപ്പമില്ല. എങ്കിൽതന്നെ, എല്ലാറ്റിനും ഒരു ബാലൻസ് വേണമല്ലോ. പുരുഷന്മാരും ആൺകുട്ടികളും ദൈവത്തെ ആരാധിക്കുന്ന രംഗങ്ങൾ ഒട്ടുമുക്കാലും അവഗണിച്ചുകൊണ്ട്, സ്ത്രീകളുടെ ആരാധനയെ മാത്രം വീഡിയോയിൽ പകർത്താനുള്ള ആവേശം ഒരുതരം വിവേചനമല്ലേ? ഇത്തരം വിവേചനങ്ങൾ താരതമ്യേന മുന്നിട്ടുനിൽക്കുന്ന പുരുഷന്റെ ലൈംഗികതയുടെ ഭാഗമായിരിക്കുമോ? എങ്കിൽ, ക്യാമറ കൈകാര്യം ചെയ്യുന്ന പുരുഷന്മാർ സ്വയം നിയന്ത്രണം പാലിക്കേണ്ടതില്ലേ?

അടുത്തയിടെ കൺവൻഷൻ വീഡിയോകൾ എടുക്കുന്ന ചിലരോട് ഇക്കാര്യത്തെപ്പറ്റി ഞാൻ സ്നേഹപൂർവ്വം പരാതിപ്പെട്ടു. എളിയ വിമർശനങ്ങൾ നന്ദിപൂർവ്വമാണ് അവർ സ്വീകരിച്ചത്. അപാകതകൾ പരിഹരിക്കുവാൻ ബന്ധപ്പെട്ടവർക്കു നിർദ്ദേശങ്ങൾ നൽകുമെന്നും അവർ ഉറപ്പു നൽകിയിട്ടുണ്ട്.

മിക്ക പ്രാർത്ഥനാകൂട്ടായ്മകളിലും പുരുഷന്മാരേക്കാൾ കൂടുതൽ സംബന്ധിക്കുന്നത് സ്ത്രീകളാണ്. പ്രാർത്ഥന ആഗ്രഹിച്ചുകൊണ്ട് മുന്നോട്ടു വരുന്നവരിൽ കൂടുതലും സ്ത്രീകളായിരിക്കും. ഇക്കാരണങ്ങളാൽ ദൈവദാസന്മാർ കൂടുതൽ സമയം സ്ത്രീകളുടെയിടയിൽ പ്രാർത്ഥിച്ചുകൊണ്ട് നടക്കേണ്ടിവരും. അവരുടെ ആത്മാർത്ഥതയെ നാം ചോദ്യം ചെയ്യരുതല്ലോ. പരിശുദ്ധാത്മാവിനെ വിലക്കാനും പാടില്ലല്ലോ. പ്രാർത്ഥിക്കാനുള്ള സ്വാതന്ത്ര്യത്തിനു തടസം വച്ചാൽ നമ്മുടെ വീട്ടമ്മമാരുടെ ആശ്വാസത്തിന് തടങ്കൽപാറ സൃഷ്ടിക്കുകയായിരിക്കും.

എന്നാൽ പുരുഷന്മാരെ നിശേഷം അവഗണിച്ചുകൊണ്ട് സ്ത്രീകളെമാത്രം ചുറ്റിപ്പറ്റി നിന്നു പ്രാർത്ഥിക്കുന്ന രീതി സ്ഥിരം പരിപാടിയാക്കിയിരിക്കുന്ന female prayer specialist കൾക്ക് ഉചിതമായ താക്കീത് അപ്പഴപ്പോൾ നൽകിക്കൊണ്ടിരിക്കണം. അല്ലാത്ത പക്ഷം പെന്തക്കോസ്തുപ്രസ്ഥാനം ഒരു കൾട്ടാണെന്ന് ജനം വിധി എഴുതും.

ഉണർവ്വുയോഗങ്ങളിൽ പ്രാർത്ഥന പ്രതീക്ഷിച്ചു മുമ്പിൽ നിൽക്കുന്നവരോട് ദൂതുപറയുന്ന സുവിശേഷകന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളുണ്ട്. സ്തുതി ഗീതങ്ങളും അന്യഭാഷകളും ആത്മീയ ഉച്ചാരണങ്ങളും (utterances) അലടയിക്കുന്ന അന്തരീക്ഷത്തിൽ ദൂത് വ്യക്തിപരമായി ഒരാളോട് അറിയിക്കാൻ പ്രയാസമായിവരും. ചുറ്റുപാടും ഉയരുന്ന ശബ്ദവീചികളെ മറികടക്കാൻവേണ്ടി ചിലരുടെ

ചെവിയ്ക്കുനേരെ തലതാഴ്ത്തി ദൂതും ആലോചനയും ഒക്കെ അറിയിക്കേണ്ടിവരും. ചിലർ അവരുടെ പ്രശ്നങ്ങൾ ചുറ്റും നല്ക്കുന്നവർ കേൾക്കാതിരിക്കാൻ സുവിശേഷകന്റെ ചെവിയിൽ മന്ത്രിക്കാറുണ്ട്. മറുപടി തിരികെ മന്ത്രിക്കേണ്ടിവരും. ഇവയെല്ലാം പെന്തക്കോസ്തു പ്രസ്ഥാനം അനുവദിക്കുന്ന ശുശ്രൂഷാരീതികളാണ്. ഇവയ്ക്ക് വിലക്കു കല്പിച്ചാൽ ദൈവാത്മപ്രേരിതമായ ശുശ്രൂഷകൾ നമ്മുടെയിടയിൽ നിന്ന് ക്രമേണ അപ്രത്യക്ഷമാകും. അങ്ങനെ ഒരിക്കലും സംഭവിക്കാൻ ഇടവരരുതല്ലോ. എങ്കിൽ തന്നെ, അന്യോന്യം ചെവികടിച്ചുപറിക്കയാണെന്ന് കാഴ്ച്ചക്കാർക്ക് തോന്നുകയും അരുത്.

കാഴ്ചക്കാർക്ക് തെറ്റിധാരണ ഉളവാക്കാത്തരീതിയിൽ പെരുമാറാൻ ദൈവദാസന്മാർ ആവോളം ശ്രമിക്കേണ്ടിയിരിക്കുന്നു. പുരുഷന്മാർ സ്ത്രീകൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ അല്പം അകന്നു നിന്നു ശുശ്രൂഷിക്കുവാൻ ശ്രമിക്കണം. സ്ത്രീകളും പുരുഷന്മാരും ഒട്ടിയും ചേർന്നും നിന്നു ദൂതുപറയുന്ന രീതി അമേരിക്കയിലെ ചില കുത്തഴിഞ്ഞ കരിസ്മാറ്റിക് യോഗങ്ങളിൽ കണ്ടിട്ടുണ്ട്. ഇവയൊക്കെ ടെലിവിഷനിൽകൂടി മറ്റു രാജ്യങ്ങളിലെ വിശ്വാസികളും കാണുന്നു. അനുകരിക്കാനുള്ള പ്രവണതയും ഏറിവരുന്നു. ജാഗ്രത!

പൊതുയോഗങ്ങളിൽ പുരുഷന്മാരെ അവഗണിച്ച് സ്ത്രീകൾക്കുവേണ്ടി മാത്രം പ്രാർത്ഥിക്കുന്ന ഒരു ദൈവദാസനെ ടെലികാസ്റ്റുകളിലൂടെ ഞാൻ കുറെനാളായി ശ്രദ്ധിച്ചു വരികയാണ്. പത്തറുപതു വയസ് തോന്നിക്കുന്ന ഒരു സുഭഗൻ. മിക്കവാറും എല്ലാ യോഗങ്ങളിലും അദ്ദേഹം സ്ത്രീകൾ ആരാധിക്കുന്ന ദിക്കിലാണ് കറങ്ങിതിരിയുന്നത്. ഇടയ്ക്ക് നിമിഷങ്ങളിലേക്ക് പുരുഷന്മാരുടെ ദിക്കിലേക്ക് നീങ്ങാറുണ്ടെങ്കിലും, ലോഹം കൊണ്ടുണ്ടാക്കിയ നാണയം കാന്തതകിടിലേക്കെന്നപോലെ വീണ്ടും അദ്ദേഹത്തെ സ്ത്രീകളുടെ വശത്ത് കാണാം. ഇടനാഴിയിൽ കൂടി പ്രാർത്ഥിച്ചു നീങ്ങുമ്പോൾ അദ്ദേഹത്തിന്റെ തല മിക്കപ്പോഴും സഹോദരിമാരുടെ ദിക്കിലേക്കായിരിക്കും തിരിയുക! കണ്ണുകളും! ഈ രീതി ഏറെക്കാലം തുടർന്നാൽ അദ്ദേഹത്തിന്റെ കഴുത്ത് ഇടത്തോട്ട് സ്ഥിരമായി കോടിപ്പോകാൻ ഇടയുണ്ടെന്നുവരെ എനിക്കു തോന്നിപോയിട്ടുണ്ട്. ആർക്കെങ്കിലും വേണ്ടി അദ്ദേഹം ആത്മാർത്ഥമായി, അഭിഷേകത്തോടെ, പ്രാർത്ഥിക്കുന്നു എന്ന് എനിക്ക് തോന്നിയിട്ടും ഇല്ല. എന്നാൽ, ബാഹ്യചേഷ്ടകൾ മാത്രം അപഗ്രഥിക്കുവാൻ കഴിവുള്ള മനുഷ്യന്റെ തോന്നൽ എപ്പോഴും ശരിയാകണമെന്നില്ലല്ലോ. ഹൃദയങ്ങളെ കാണുന്ന ദൈവം മാത്രമാണല്ലോ യഥാർത്ഥ വിധികർത്താവ്.

പുരുഷന്മാർ സ്ത്രീകളെപ്പോലെ പ്രശ്നങ്ങൾ തുറന്നു പറഞ്ഞ് പ്രാർത്ഥന ആവശ്യപ്പെടാറില്ല. മൗനം വിദ്വാനു ഭൂഷണം എന്ന രീതിയിൽ പ്രശ്നങ്ങൾ ഉള്ളിൽ ഒതുക്കിയാണ് അവർ ദൈവദാസന്മാരുടെ മുമ്പിൽ കുനിഞ്ഞു നില്ക്കുന്നത്. നേരെമറിച്ച് സ്ത്രീകൾ വിഷയങ്ങൾ തുറന്നുപറഞ്ഞ് കണ്ണുകളിൽ ചുടുനീരൊഴുക്കിക്കൊണ്ടാണ് പലപ്പോഴും പ്രാർത്ഥന അഭ്യർത്ഥിക്കുന്നത്. യേശുക്രിസ്തുവിന്റെ മുമ്പിലും സ്ത്രീകളാണ് സങ്കോചം കൂടാതെ അനുഗ്രഹങ്ങൾ അവകാശപ്പെട്ടിട്ടുള്ളത്. പ്രശ്നങ്ങൾ തുറന്നു പറയുന്ന സഹോദരിമാർക്കുവേണ്ടി കൂടുതൽ നേരം പ്രാർത്ഥിക്കാൻ തുനിഞ്ഞാൽ അതിനെ കുറ്റം വിധിക്കാൻ പാടില്ല. സാഹചര്യം മനസിലാക്കി ചിലർക്ക് പ്രത്യേക പരിഗണന നൽകി പ്രാർത്ഥിക്കുന്നതിനെ ഞാൻ ഒരിക്കലും വിമർശിക്കയില്ല. മറ്റുള്ളവരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നതു ശരിയല്ലല്ലോ.

പലേടങ്ങളിലും സ്ത്രീകളെ വീക്ഷിക്കാൻ കൂടുതൽ സൗകര്യമുള്ള കസേരകളിലായിരിക്കും ചില ദൈവദാസന്മാർ എല്ലാ യോഗങ്ങളിലും വന്നിരിക്കുന്നത്. ഇത് മന:പൂർവ്വമാണെന്ന് വിധിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല; യാദൃശ്ചികമായിരിക്കാം. ചിലർ ദൈവത്തെ ഫോക്കസു ചെയ്ത് ആരാധിക്കുന്നതിനു പകരം സ്ത്രീകൾ ഇരിക്കുന്ന വശത്തേക്ക് എപ്പോഴും കണ്ണോടിക്കുന്നതും ശ്രദ്ധിച്ചിട്ടുണ്ട്. സ്ത്രീകൾ വരുന്നതും പോകുന്നതും ഇരിക്കുന്നതും ചലിക്കുന്നതും ഒക്കെ പരിധിയിലേറെ ശ്രദ്ധിച്ചുകൊണ്ടിരുന്നാലോ? വേദിയിൽ ഇരിക്കുന്നവർ എപ്പോഴും കണ്ണുപൂട്ടിയിരിക്കണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ പുരുഷന്മാർ ഇരിക്കുന്ന ഭാഗത്തേക്ക് ഇവർ നോക്കാറെ ഇല്ല എന്ന് ചിലപ്പോൾ എനിക്ക് തോന്നിയിട്ടുണ്ട്. എന്റെ പക്കലുള്ള കൺവൻഷൻ വീഡിയോകൾ വഴി ഇക്കാര്യങ്ങളൊക്കെ കൂടുതലായി പഠിച്ചുകൊണ്ടിരിക്കുകയാണ്.

ശരീരശാസ്ത്രത്തോട് ബന്ധപ്പെട്ട ചില പ്രത്യേകതകൾ പുരുഷന്മാർക്കുണ്ട്. ഇത് ദൈവസൃഷ്ടിയുടെ വൈജാത്യത്തിന്റെയും വൈചിത്ര്യത്തിന്റെയും ഭാഗമാണ്. ഇത്തരം സവിശേഷതകൾ മോഹബന്ധനങ്ങളിലേക്ക് നയിക്കാതിരിക്കാൻ സത്രീകളേക്കാൾ കൂടുതൽ പുരുഷന്മാർ മന:പൂർവ്വം ശ്രമിക്കേണ്ടതുണ്ട്. ലൈംഗിക ഉത്തേജനം നൽകുന്ന ഹോർമോണുകൾ പുരുഷന്റെ ശരീരത്തിൽ സ്ത്രീയുടെ ശരീരത്തിലുള്ളതിനേക്കാൾ പലമടങ്ങ് കൂടുതൽ ഉണ്ട്. ഈ മുന്തിയ അളവ് പുരുഷന്റെ പെരുമാറ്റത്തെ സാരമായി ബാധിക്കുന്നു. പുരുഷന്മാരുടെ സവിശേഷതകളെ ചൂഷണം ചെയ്ത് ആത്മീയ ശുശ്രൂഷയുടെ മൂർച്ച കുറച്ചെടുക്കാൻ, ശുശ്രൂഷയെ നശിപ്പിക്കാൻ സാത്താൻ നിരന്തരം ശ്രമിക്കുന്നുണ്ട് എന്ന കാര്യവും നാം മറക്കരുത്. ആത്മാഭിലാഷവും ജഡാഭിലാഷവും വിവേചിക്കാനുള്ള ശക്തി പരിശുദ്ധാത്മാവ് പുരുഷനും സ്ത്രീയ്ക്കും നൽകിയിട്ടുണ്ട്. തെറ്റുകൾ തിരുത്താനുള്ള വിനയഭാവം വിശ്വാസികളുടെ സമ്പത്താണ്.

ഒരു പുതിയ ദിവസം ആരംഭിക്കുമ്പോൾ, സ്വയനിയന്ത്രണത്തിനുവേണ്ടിയുള്ള ആഗ്രഹം പുരുഷന്റെ പ്രഭാതപ്രാർത്ഥനാവാചകങ്ങളുടെ ഭാഗമായി മാറണം. ആത്മീയ ശുശ്രൂഷകൾക്കുവേണ്ടി പോകുമ്പോൾ ദൈവാത്മാവ് അനുവദിക്കുന്ന പരിധിയിൽ ഒതുങ്ങി നിന്നുകൊണ്ട് ശുശ്രൂഷിക്കാനുള്ള കൃപയ്ക്കുവേണ്ടി എല്ലാ പുരുഷന്മാരും മുൻകൂട്ടി പ്രാർത്ഥിച്ചിരിക്കണം.

ഹൃദയത്തിന്റെ പ്രേരണ അനുസരിച്ച് ആരാധിക്കാനുള്ള സ്വാതന്ത്ര്യം അങ്ങേഅറ്റം അനുവദിക്കുന്നഒരു സമൂഹമാണ് പെന്തക്കോസ്തുപ്രസ്ഥാനം. ഇക്കാരണത്താൽ കുറെ പാകപ്പിഴകൾ ഇടയ്ക്കിടെ ഉണ്ടായെന്നുവരാം. അവ നമ്മുടെ പുരോഗതിക്ക് തടസമാകരുത്. പകരം, അപചയങ്ങൾ പരിഹരിച്ച് മുന്നോട്ടു നീങ്ങുകയാണ് വേണ്ടത്.

പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്ന എല്ലാ പ്രവൃത്തികളും പാപികൾ ദൈവത്തിലേക്ക് ആകർഷിക്കപ്പെടുന്നതിന് തടസമാകും. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്. ഭയത്തോടും വിറയലോടും കൂടിയാണ് തമ്പുരാനെ സേവിക്കേണ്ടത്. ഇക്കളി തീക്കളിയാണ്!

പരിശുദ്ധാത്മാവു മാത്രമല്ല, പന്തലിലിരിക്കുന്ന ജനങ്ങളും ദൈവദാസന്മാരുടെ പെരുമാറ്റരീതികളെ ശ്രദ്ധിക്കുന്നുണ്ട് എന്ന വസ്തുത ഒരു നിമിഷത്തേക്കുപോലും മറക്കരുത്.

അമേരിക്കൻ സഭകളിൽ ആൾട്ടറിലേക്ക് പ്രാർത്ഥനയ്ക്കു വരുന്ന സ്ത്രീകളുടെ ചുറ്റും കൂടി നിന്ന് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വിശ്വാസികളായ സഹോദരിമാർ വളരെ ഉത്സാഹം കാണിക്കാറുണ്ട്. എന്നാൽ ഇന്ത്യയിൽ സഹോദരിമാർ അങ്ങനെ ചെയ്യാൻ താല്പര്യം കാണിച്ചുകണ്ടിട്ടില്ല. പ്രത്യേകിച്ച് നമ്മുടെ നാട്ടിൽ പൊതുയോഗങ്ങളിൽ സഹോദരിമാർ മറ്റു സ്ത്രീകൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന പതിവില്ല. സ്ത്രീകൾ ആത്മീയ നേതൃത്വം നൽകുന്നതിനെതിരെ കത്തോലിക്കാസഭ മുതൽ പെന്തക്കോസ്തു പ്രസ്ഥാനം വരെ ചില പരിമിതികൾ വച്ചിട്ടുണ്ട്. അവയെ എല്ലാം ഞാൻ ചോദ്യം ചെയ്യുന്നില്ല. എന്നാൽ ആൾട്ടറിൽ വരുന്ന സ്ത്രീകൾക്കുവേണ്ടി വിശ്വാസികളായ സഹോദരിമാർ പ്രാർത്ഥിച്ച് സഹകരിക്കുന്നതിൽ തെറ്റില്ല എന്നാണ് എന്റെ അഭിപ്രായം.

പ്രാർത്ഥിക്കുന്ന കാര്യത്തിൽ സ്ത്രീകൾ സഹകരിച്ചാൽ തന്നെ, സുവിശേഷകന്മാരും സഭാപാസ്റ്റർമാരും പ്രവാചകന്മാരും സ്ത്രീകൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടി വരും. വചനശുശ്രൂഷ കഴിഞ്ഞ് സ്ത്രീപുരുഷന്മാരായ എല്ലാവർക്കും വേണ്ടിയാണ് അതിഥി പ്രസംഗകർ പ്രാർത്ഥന നടത്തുന്നത്. അതിന് വിലക്കു കല്പിക്കരുതല്ലോ. ദൈവവചനത്തിന്റെയും സഭ്യതയുടെയും അതിർവരമ്പുകൾ ലംഘിക്കുന്നതിനെ മാത്രമാണ് ഈ ലേഖനം വിമർശിക്കുന്നത്. അഭിഷിക്തരായ ദൈവദാസന്മാർ തലയിൽ കൈവച്ചു പ്രാർത്ഥിക്കുമ്പോൾ വിശ്വാസികളിലേക്ക് ദൈവം വ്യാപരിപ്പിക്കുന്ന ശക്തിയും സന്തോഷവും ഏറ്റുവാങ്ങുന്നതിൽ നിന്നും സ്ത്രീകളെ മാത്രം തടയുവാൻ പാടില്ലല്ലോ. ഉണർവ്വുപ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് സ്ത്രീകൾ വഹിച്ചിട്ടുള്ള പങ്ക് വിലപ്പെട്ടതാണെന്ന് ചരിത്രം തെളിവുനൽകുന്നു.

അമേരിക്കയിൽ ചില സ്ത്രീകൾക്ക് തലയിൽ കൈവച്ച് പ്രാർത്ഥിക്കുന്നത് ഇഷ്ടമല്ല. കാരണം, പണം ചെലവാക്കി ബ്യൂട്ടി സലൂണുകളിൽ പോയി ആകർഷണീയമായി കെട്ടിവച്ചിരിക്കുന്ന മുടി കര സ്പർശനമേറ്റ് ഉഴപ്പി ചിതറിപ്പോകുമോ എന്ന ആശങ്ക. അതുകൊണ്ട് ചില സുവിശേഷകന്മാർ ഷേക്ക്ഹാൻഡ് നൽകുന്ന രീതിയിൽ കൈയിൽ പിടിച്ചുകൊണ്ടാണ് പ്രാർത്ഥിക്കാറുള്ളത്. പാശ്ചാത്യ രാജ്യങ്ങളിൽ മാന്യതയോടെ ചെയ്യാവുന്ന ഒരു പ്രാർത്ഥനാ രീതിയാണിത്.

പുരുഷന്മാർക്കുവേണ്ടിയും സ്ത്രീകൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്ന ഒരു സുവിശേഷകനാണ് ഞാൻ. പുരുഷന്മാരുടെ നിരകളിൽ ചുറ്റിനടന്നു പ്രാർത്ഥിച്ചിട്ടുണ്ട്. പ്രാർത്ഥനയ്ക്കായി മുമ്പോട്ടുവരുന്ന സ്ത്രീകളുടെ നിരകളിലും ചുറ്റി നടന്നു പ്രാർത്ഥിച്ചിട്ടുണ്ട്. സ്ത്രീകൾ ആൾട്ടറിൽ വച്ച് കണ്ണുനീരോടെ എന്റെ ചെവിയിൽ മന്ത്രിച്ചിട്ടുണ്ട്. മറ്റാരും കേൾക്കാൻ താല്പര്യമില്ലാത്ത വിഷയങ്ങളാണ് അവർ മന്ത്രിക്കുന്നത് – ഭർത്താവിന്റെ മദ്യപാനത്തിനു വേണ്ടി പ്രാർത്ഥിക്കണം; ഏകമകൻ ഒരു പെൺകുട്ടിയുമായി അവിഹിതബന്ധത്തിലാണ്, പ്രാർത്ഥിക്കണം – ഇങ്ങനെ എത്രയെത്ര സ്വകാര്യ വിഷയങ്ങൾ അടുത്തു നിൽക്കുന്നവർ കേൾക്കാതെ ചെവിയിൽ മന്ത്രിച്ചിട്ടുണ്ട്.

ചിലപ്പോൾ ചുറ്റുമുള്ളവർ പ്രാർത്ഥനാവാചകങ്ങൾ കേൾക്കാതെ വ്യക്തിപരമായി ഇവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടിവരും. അപ്പോൾ ചെവിക്ക് നേരെ മുഖം തിരിച്ചെന്നു വരും. ഇത്തരം സന്ദർഭങ്ങളിൽ അതീവ ശ്രദ്ധയോടുകൂടി പെരുമാറാൻ വേണ്ടതായ മുൻകരുതലുകൾ സ്വീകരിച്ചിരിക്കണം. ചിലപ്പോൾ സ്ത്രീകൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന രംഗങ്ങൾ മാത്രം വീഡിയോയിൽ പകർത്തി സുവിശേഷകന്മാരെ തെറ്റിധരിപ്പിക്കാനും ചിലർ ശ്രമിച്ചെന്നു വരും. അങ്ങേയറ്റം ജാഗ്രത പാലിക്കേണ്ട ഒരു മേഖലയാണ് “വിടുതൽ ശുശ്രൂഷ.”

ശുശ്രൂഷകന്മാരെ പെട്ടെന്ന് വിധിക്കരുത്. സ്ഥലവും സാഹചര്യങ്ങളും പ്രാർത്ഥനയ്ക്കു സമീപിക്കുന്നവർ നേരിടുന്ന ഊരാക്കുടുക്കുകളുടെ ഗൗരവവും ഒക്കെ വ്യക്തമായി വിലയിരുത്തി പഠിക്കാതെ കുറ്റാരോപണങ്ങൾ ഉന്നയിക്കരുത്.

ഈ ലേഖനം പെന്തക്കോസ്തു പ്രസ്ഥാനത്തിന് വെളിയിലുള്ളവരും വായിക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. വചനത്തിനും സഭ്യതയ്ക്കും വിരുദ്ധമായ പ്രഹസനങ്ങൾ “വിടുതൽ ശുശ്രൂഷ” എന്ന ലേബലിൽ ആരെങ്കിലും നടത്തിയാൽ അവയ്ക്ക് ഔദ്യോഗിക പെന്തക്കോസ്തു സഭകളുടെ അംഗീകാരം ഇല്ല എന്ന സത്യം പൊതുജനം മനസ്സിലാക്കണമല്ലോ. അല്ലാത്ത പക്ഷം എല്ലാവരെയും കള്ളനാണയങ്ങളായി പ്രസ്ഥാനത്തിനു പുറത്തുള്ളവർ തെറ്റിധരിച്ചെന്നുവരും. കള്ള സന്ന്യാസിമാരും വ്യാജഫക്കീറന്മാരും വഴിതെറ്റിയ പുരോഹിതന്മാരും സ്വയം പാസ്റ്റർവേഷം കെട്ടുന്നവരും സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള വിനകളെപ്പറ്റി ഹിന്ദു-മുസ്ലീം-ക്രൈസ്തവ ചരിതങ്ങളുടെ ഏടുകൾ സാക്ഷ്യം പറയുന്നുണ്ട്. ഇവ ആവർത്തിക്കാതിരിക്കാൻ വേണ്ടി ആത്മീയ ഗുരുക്കന്മാർ കൂടെക്കൂടെ ബുദ്ധ്യുപദേശങ്ങൾ നൽകിക്കൊണ്ടിരിക്കണം.

ഈ ലേഖനം എഴുതിക്കൊണ്ടിരുന്നപ്പോൾ ഒരു സ്വയ പരിശോധന നടത്താൻ എന്റെ ഉള്ളിൽ പ്രേരണയുണ്ടായി. ഞാൻ പ്രസംഗിച്ചിട്ടുള്ള കൺവൻഷനുകളിൽ മിക്കവാറും എല്ലായിടത്തും, ആൾട്ടർ ശുശ്രൂഷ നടത്താറുണ്ട്. എന്റെ ആൾട്ടർ ശുശ്രൂഷാശൈലിയിൽ മന:പൂർവ്വമല്ലാതെ വല്ല അപാകതകളും വന്നുപോയിട്ടുണ്ടോ എന്ന് വീഡിയോകൾ വഴി പരിശോധിക്കുകയാണ് ലക്ഷ്യം. തെറ്റിധാരണ ഉളവാക്കാവുന്ന എന്തെങ്കിലും സംഭവിച്ചുപോയിട്ടുണ്ടെങ്കിൽ അവ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കണമല്ലോ.

വായനക്കാരുടെ പരിഗണനയ്ക്കുവേണ്ടി ഈ വിമർശനങ്ങൾ വിനയപൂർവ്വം സമർപ്പിക്കുന്നു. നമ്മുടെ യോഗങ്ങളിൽ മിക്കപ്പോഴും മന:പൂർവ്വമല്ലാതെ വന്നുപോകുന്ന പാകപ്പിഴകൾ ദൈവസ്നേഹത്തിലും വിട്ടുവീഴ്ചാമനോഭാവത്തിലും കൈകാര്യം ചെയ്യാനുള്ള ദൈവകൃപ നമുക്കു ലഭിക്കട്ടെ •

**JAGRATHA: STHREEKALKUVENDI PRARTHIKKUMPOL...? (Tract)**

Dr. Ezhamkulam C. Samkutty, M.A., Ph.D., Copyright: E.C.Samkutty, 2013.
Published by Jeevan Books, P.O.Box 61, Adur 691523, PTA Dt., First Edition: June 2013,
Current Edition: July 2013. Printed at Darsana Printers,Thottabhagam,Thiruvalla.
ecsamkutty@hotmail.com, ecsamkutty@yahoo.com, ecsamkutty@gmail.com